# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4193   17/05/2017-ൽ മറുപടിക്ക്

## ഉയർന്ന ഫ്രീക്വൻസിയിലുള്ള ഹോണുകൾ നിരോധിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത്, എത്ര ഡെസിബൽ ഫ്രീക്വൻസി വരെയുള്ള ഹോണുകൾ ഉപയോഗിക്കുവാനാണ് അനുമതിയുള്ളതെന്ന് വ്യക്തമാക്കുമോ; | (എ), (ബി) & (സി) | മോട്ടോർ വാഹന നിയമമനുസരിച്ച് ആരോഗ്യത്തിന് ഹാനികരമാകാത്ത വിധത്തിലാണ് വാഹനത്തിൽ ഹോണുകൾ വെയ്ക്കേണ്ടത്. 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 119(1) പ്രകാരം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് നിഷ്കർഷിച്ചിട്ടുള്ള IS:1984-1992 മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഹോൺ മാത്രമേ ഘടിപ്പിക്കാവൂ. IS:1984-1992 പ്രകാരം മോപ്പെഡുകൾ, സ്കൂട്ടറുകൾ, മാഗ്നറ്റോ സിസ്റ്റം ഉള്ള മോട്ടോർ സൈക്കിളുകൾ എന്നിവയ്ക്കായുള്ള ടൈപ്പ്-1 എ.സി. ഹോണിന് നിഷ്കർഷിച്ചിട്ടുള്ളത് 85 മുതൽ 105 വരെ ഡെസിബെല്ലാണ്. സ്റ്റോറേജ് ബാറ്ററി ഉപയോഗിക്കുന്ന ഇരുചക്ര വാഹനങ്ങൾക്കും, മുച്ചക്ര വാഹനങ്ങൾക്കുമുള്ള ടൈപ്പ്-2 എ ഡി.സി. ഹോണിന് നിഷ്കർഷിച്ചിട്ടുള്ളത് 90 മുതൽ 115 വരെ ഡെസിബെല്ലാണ്. ഡി.സി. സിസ്റ്റമുള്ള പാസ്സഞ്ചർ കാറുകൾക്കും, കൊമേഴ്സ്യൽ വാഹനങ്ങൾക്കുമുള്ള ടൈപ്പ്-2 ബി ഡി.സി. ഹോണുകൾക്ക് |
| (ബി) | ശബ്ദമലിനീകരണം നിയന്ത്രിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഇതുസംബന്ധിച്ച ബോധവൽക്കരണം പൊതുജനങ്ങളിൽ ഉളവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | | |
| (സി) | വാഹനത്തിന് അകത്തുള്ളവർക്കും പുറത്തുള്ളവർക്കും ഒരുപോലെ ദോഷകരമാകുന്ന ഉയർന്ന ഫ്രീക്വൻസിയിലുള്ള ഹോണുകൾ നിരോധിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ചിട്ടുള്ളത് 100 മുതൽ 125 ഡെസിബെല്ലാണ്. പാസ്സഞ്ചർ കാറുകൾക്കും, കൊമേഴ്സ്യൽ വാഹനങ്ങൾക്കുമുള്ള വിൻഡ് ടോൺ ടൈപ്പിലുള്ള ടൈപ്പ്-3 ഡി.സി. ഹോണുകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത് 105 മുതൽ 125 ഡെസിബെല്ലാണ്.<br>ഇതിലധികം ശബ്ദമുണ്ടാക്കുന്ന ഹോണുകൾ ഇളക്കി മാറ്റുന്നതടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സെക്ഷൻ 177 പ്രകാരം പിഴയും ചുമത്തി വരുന്നു. ഇത്തരം ഉയർന്ന ശബ്ദം ഉയർത്തുന്ന വാഹനങ്ങളും അവയിലെ ഹോണുകളും ജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിയ്ക്കുന്നുവെന്ന് വിവിധ ആരോഗ്യ സാമൂഹിക മേഖലകളിലെ വിദഗ്ധരുടെ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയിലെ നിഗമനങ്ങൾ പരിഗണനയർഹിക്കുന്നുണ്ട്. 2017 ഏപ്രിൽ 26-ാം തീയതി കേരള സംസ്ഥാനത്ത് **'നോ ഹോൺ ഡേ'** ആയി ആദ്യമായി ആചരിയ്ക്കുകയുണ്ടായി. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിലായിരുന്നു ഈ സംരംഭം. വാഹനങ്ങളിലെ ഹോൺ ഉപയോഗത്തെപ്പറ്റി പൊതു ജനങ്ങളെ ബോധവത്കരിയ്ക്കുക എന്നതായിരുന്നു ഈ സംരംഭത്തിന്റെ ഉദ്ദേശം. |

സെക്ഷൻ ഓഫീസർ